# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 743** **12.06.2013–ലെ മറുപടിക്ക്**

**പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളും സർക്കാർ മെഡിക്കൽ കോളേജുകളായിത്തന്നെയാണോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | (എ) പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ആരംഭിക്കാനുദ്ദേശിക്കുന്ന മെഡിക്കൽ കോളേജ് ഒഴികെ പ്രഖ്യാപിച്ച മറ്റ് കോളേജുകളെല്ലാം സർക്കാർ മേഖലയിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. |
| (സി) സിയാൽ മോഡലിൽത്തന്നെയാണോ ആരംഭിക്കുവാനുദ്ദേശിക്കുന്ന മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം നടത്തുവാനുദ്ദേശിക്കുന്നതെന്നുള്ള വിവരം വിശദമാക്കുമോ ; | (സി) പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ഹരിപ്പാട് മാത്രമാണ് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) പ്രസ്തുത എല്ലാ കോളേജുകളും ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ